പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1789

01.11.2019-ൽ
മറുപടിയ്ക്ക്

# കടപ്ലാമറ്റം ടെക്നിക്കൽ സ്കൂൾ

*ചോദ്യം*
ശ്രീ.മോൻസ് ജോസഫ്

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പ് നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 09/07/2019 ലെ റവന്യൂ (ബി) വകുപ്പിന്റെ സ.ഉ. (സാധാ) നം.1847/2019/റവ ഉത്തരവ് പ്രകാരം മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം വില്ലേജിൽ 2 ഏക്കർ 55 സെന്റ് സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലവിലയുടെ 5% തുക കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ അടവ് വരുത്തണമെന്ന് പാലാ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 5% തുകയായ 10,69,748/- രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ടെക്നിക്കൽ സ്കൂളിന് കെട്ടിടം പണിയുന്നതിന് ഏത് സ്ഥലമാണ് വകുപ്പ് ഏറ്റെടുക്കാൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം വില്ലേജിൽ 338/1,338/1-1,338/1-2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 2 ഏക്കർ 55 സെന്റ് സ്ഥലമാണ് പ്രസ്തുത ടെക്നിക്കൽ സ്കൂളിന് കെട്ടിടം പണിയുന്നതിന് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ആയതിന്റെ സ്ഥല പരിശോധന പൂർത്തിയായോയെന്ന് അറിയിക്കാമോ; | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്ഥലപരിശോധന നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 24/06/2017 ലെ സ.ഉ (സാധാ) നം. 1210/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ അടുത്ത നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്ഥലമെട്ടുപ്പ് നടപടികൾ ആരംഭിക്കുന്നതിനായി DLPC കൂടുകയും LARR Act 2013 പ്രകാരം നടപടി സ്വീകരിക്കുവാൻ അർത്ഥനാധികാരിയെ ചുമതലപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ